**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2990** **28-02-2023 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ മൂന്നാം ഗഡു നാളിതുവരെ നൽകിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2022-23 സാമ്പത്തിക വർഷത്തെ സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ഒന്നാം ഗഡു ഗുണഭോക്തൃ വിഹിതവും രണ്ടാം ഗഡു സംസ്ഥാന സർക്കാർ വിഹിതവും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. മൂന്നാം ഗഡു കേന്ദ്ര സർക്കാർ വിഹിതം നൽകാനുണ്ട്. മുൻ വർഷങ്ങളിൽ സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ കേന്ദ്ര വിഹിതം യഥാസമയം ലഭ്യമാകാത്ത കാലയളവുകളിൽ ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം യഥാസമയം ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ വിഹിതവും കേന്ദ്ര സർക്കാർ വിഹിതവും സംസ്ഥാന ഫണ്ടിൽ നിന്നും യഥാസമയം അനുവദിച്ച് നൽകിയിരുന്നു.<br><br>2022-23 സാമ്പത്തിക വർഷം 183541 ഗുണഭോക്താക്കളിൽ നിന്നും ശേഖരിച്ച 26,36,25,000/- രൂപയ്ക്ക് ആനുപാതികമായ കേന്ദ്ര സർക്കാർ വിഹിതം ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം വരെയുള്ള കുടിശിക തുകയും (7275.10 ലക്ഷം രൂപ) 2022-23 വർഷത്തെ തുകയായ 26.3625 കോടി രൂപയും അനുവദിക്കണമെന്ന് സംസ്ഥാന മത്സ്യബന്ധന വകുപ്പ് മന്ത്രി 13/01/2023 തീയതിയിലെ കത്ത് മുഖേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.<br><br>പദ്ധതി പ്രകാരമുള്ള കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ കേന്ദ്ര വിഹിതം കൂടി സംസ്ഥാന സർക്കാർ മുൻകൂറായി അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ കേന്ദ്ര വിഹിതം കൂടി സംസ്ഥാന സർക്കാർ മുൻകൂറായി അനുവദിക്കുന്ന രീതി |

| | | | |
|---|---|---|---|
| | | | അഭിലക്ഷണീയമല്ലെന്ന് 10/02/2023 തീയതിയിലെ കത്ത് പ്രകാരം കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. കേന്ദ്രാനുമതിയും തുകയും ലഭിക്കുന്ന മുറയ്ക്ക് മൂന്നാം ഗഡുവായ കേന്ദ്ര വിഹിതം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണ്. |
| (ബി) | മുൻ വർഷങ്ങളിൽ ഇത്തരം സാഹചര്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിലവിൽ മൂന്നാം ഗഡു നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ? | (ബി) | 2022-23 സാമ്പത്തിക വർഷത്തെ സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ഒന്നാം ഗഡു ഗുണഭോക്തൃ വിഹിതവും രണ്ടാം ഗഡു സംസ്ഥാന സർക്കാർ വിഹിതവും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. മൂന്നാം ഗഡു കേന്ദ്ര സർക്കാർ വിഹിതം നൽകാനുണ്ട്. മുൻ വർഷങ്ങളിൽ സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ കേന്ദ്ര വിഹിതം യഥാസമയം ലഭ്യമാകാത്ത കാലയളവുകളിൽ ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം യഥാസമയം ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ വിഹിതവും കേന്ദ്ര സർക്കാർ വിഹിതവും സംസ്ഥാന ഫണ്ടിൽ നിന്നും യഥാസമയം അനുവദിച്ച് നൽകിയിരുന്നു.<br><br>2022-23 സാമ്പത്തിക വർഷം 183541 ഗുണഭോക്താക്കളിൽ നിന്നും ശേഖരിച്ച 26,36,25,000/- രൂപയ്ക്ക് ആനുപാതികമായ കേന്ദ്ര സർക്കാർ വിഹിതം ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം വരെയുള്ള കുടിശിക തുകയും (7275.10 ലക്ഷം രൂപ) 2022-23 വർഷത്തെ തുകയായ 26.3625 കോടി രൂപയും അനുവദിക്കണമെന്ന് സംസ്ഥാന മത്സ്യബന്ധന വകുപ്പ് മന്ത്രി 13/01/2023 തീയതിയിലെ കത്ത് മുഖേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.<br><br>പദ്ധതി പ്രകാരമുള്ള കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ കേന്ദ്ര വിഹിതം കൂടി സംസ്ഥാന സർക്കാർ മുൻകൂറായി അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ കേന്ദ്ര വിഹിതം കൂടി സംസ്ഥാന സർക്കാർ മുൻകൂറായി അനുവദിക്കുന്ന രീതി അഭിലക്ഷണീയമല്ലെന്ന് 10/02/2023 തീയതിയിലെ കത്ത് പ്രകാരം കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. കേന്ദ്രാനുമതിയും തുകയും ലഭിക്കുന്ന മുറയ്ക്ക് മൂന്നാം ഗഡുവായ കേന്ദ്ര വിഹിതം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ